## പതിനാലാം കേരളനിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: 4989** **14.11.2019 -ൽ മറുപടിയ്ക്ക്**

### ഭവന നിർമ്മാണ ബോർഡിന്റെ വളവനാട്ടുള്ള ഭൂമി

**ചോദ്യം**

**ശ്രീമതി ഷാനിമോൾ ഉസ്മാൻ :**

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ആലപ്പുഴ ജില്ലയിലെ വളവനാട്ടുള്ള ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഏക്കർ എന്ന് വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച കൈമാറ്റ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വസ്തുവിന്റെ വില നിശ്ചയിച്ച് ഭവന നിർമ്മാണ ബോർഡിന് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

**ഉത്തരം**

**ശ്രീ. ഇ. ചന്ദ്രശേഖരൻ**
**(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

(എ) (ബി) & (സി) 06/03/2019-ൽ ബഹു.ധനകാര്യ – കയർ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ കൂടിയ ആലപ്പുഴ മൊബിലിറ്റി ഹബ് പ്രോജക്ടിന്റെ അവലോകന യോഗത്തിൽ ആലപ്പുഴ വികസന പരിപാടിയുടെ ഭാഗമായി ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിലെ ഭവന നിർമ്മാണ ബോർഡ് വക 2.7385 ഹെക്ടർ (6.76 ഏക്കർ) ഭൂമിയുടെ വാല്യുവേഷൻ തയ്യാറാക്കുന്നതിന് റവന്യൂ വകുപ്പിനെ ചുമതല പ്പെടുത്തുകയും വാല്യുവേഷൻ അനുസരിച്ചുള്ള തുക ഭവന നിർമ്മാണ ബോർഡിന് ബഡ്ജറ്റ് അലോക്കേഷൻ മുഖേന നൽകുവാനും തീരുമാനിച്ചിരുന്നു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ വാല്യുവേഷൻ നിശ്ചയിച്ച് ഭൂമിയുടെ വില ബോർഡിന് ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

Subha S.

സെക്ഷൻ ഓഫീസർ